ശ്രീ. റോഷി അഗസ്റ്റിൻ : മിഡിൽ ലവൽ ടൂറിസ്റ്റുകൾക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് യാത്രി നിവാസ് പ്രയോജനപ്പെടുത്തുന്നതെന്നാണ് മന്ത്രി ഇവിടെ മറുപടി പറഞ്ഞത്. ഇടുക്കിയെ സംബന്ധിച്ചിടത്തോളം ഇടുക്കിയിൽ ആ നിലയിൽ വരുന്ന ടൂറിസ്റ്റുകൾക്ക് താമസിക്കാനാവശ്യമായ സൗകര്യം ഇപ്പോൾ നിലവിലില്ല. ഇടുക്കിയിലോ, മുന്നാറിലോ, തേക്കടിയിലോ ഒക്കെ പോകുന്ന ടൂറിസ്റ്റുകൾക്ക് ഇടുക്കിയിലെ ആർച്ച് ഡാമും ഹിൽവ്യൂ പാർക്കും ഒക്കെ കണ്ടതിനുശേഷം താമസിക്കുവാൻ സൗകര്യമേർപ്പെടുത്തണം. സാധാരണക്കാർക്ക് തങ്ങുവാൻ യാത്രി നിവാസ് പുതുതായി നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഇടുക്കിയിലുണ്ട്. ഡവലപ്മെന്റ് അതോറിറ്റി അതിന് തയ്യാറാവുകയും ചെയ്യും. ആ നിലയിൽ കേന്ദ്ര സഹായത്തോടുകൂടി ഇടുക്കിയുടെ വികസനത്തിനും ടൂറിസത്തിനും കൂടുതൽ പ്രാധാന്യം നൽകത്തക്കനിലയിൽ യാത്രിനിവാസ് ആരംഭിക്കുന്നതിന് ആവശ്യമായ നിലപാട് സ്വീകരിക്കാൻ സാധിക്കുമോ ?

പ്രൊഫ. കെ. വി. തോമസ്: ഇടുക്കിയിൽ ആർച്ച് ഡാം നിർമ്മിക്കുന്ന സന്ദർഭത്തിൽത്തന്നെ ഇലക്ട്രിസിറ്റി ബോർഡിന്റെ ധാരാളം ഗസ്റ്റ് ഹൗസുകൾ അവിടെയുണ്ടായിരുന്നു. അതെല്ലാം ഇപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതുപോലെ ചിന്നിനി ഡാം പണിയുന്ന സമയത്ത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ ധാരാളം വീടുകൾ അവിടെയുണ്ടായിരുന്നു. അത്തരം കാര്യങ്ങൾ റിവ്യൂ ചെയ്യാനുള്ള ഒരു പ്രോജക്ട് ഉണ്ട്. അവിടത്തെ കെട്ടിടങ്ങളും സ്ഥാപനങ്ങളും നിലനിർത്തിക്കൊണ്ട് അത് പ്രയോജനപ്പെടുത്താനുള്ള സംവിധാനത്തെക്കുറിച്ചാണ് ഇപ്പോൾ ആലോചിക്കുന്നത്.

മി. സ്പീക്കർ : യാത്രി നിവാസ് ലീസിന് കൊടുക്കുന്നതാണ് ചോദ്യം. 25 ശതമാനം ആളുകൾ പോലും അത് ചോദിച്ചില്ല.

തീരപ്രദേശങ്ങളിലെ കുടിവെള്ള പദ്ധതികൾ

2 (*768) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ · വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങളിലെല്ലാം കുടിവെള്ളമെത്തിക്കാൻ പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതനുസരിച്ച് എവിടെയെല്ലാം കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട് ;

(സി) 2002-2003 വർഷത്തിൽ എത്ര പദ്ധതികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇനിയും ശേഷിച്ച എത്ര സ്ഥലങ്ങളിൽ കുടിവെള്ള പദ്ധതികൾ പൂർത്തികരിക്കാനുണ്ട് ;

(ഇ) ഇവ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ജലഅതോറിറ്റിയുടെ ദക്ഷിണമേഖലയിൽ അഞ്ചുതെങ്ങു പ്രദേശത്തുള്ള മൽസ്യത്തൊഴിലാളികൾക്കുവേണ്ടി വക്കം-അഞ്ചുതെങ്ങ് ശുദ്ധജലവിതരണ പദ്ധതി ആറാട്ടുപുഴ പഞ്ചായത്തിൽ തറയിൽക്കടവ്, കള്ളിക്കാട് എന്നിവിടങ്ങളിലും തൃക്കുന്നപ്പുഴ പഞ്ചായത്തിൽ പതിയാങ്കരയിലും, കൂടാതെ മയ്യനാട്, പരവൂർ തൃക്കടവൂർ മൺട്രോതുരുത്ത്, നീണ്ടകര, ആലപ്പാട്, കരുനാഗപ്പള്ളി എന്നിവിടങ്ങളിലും പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. നെയ്യാറ്റിൻകര താലൂക്കിൽ പൂവാർ, കരുംകുളം കോട്ടുകാൽ, വിഴിഞ്ഞം, എന്നീ പഞ്ചായത്തുകളിലും തിരുവനന്തപുരം നഗരസഭ പ്രദേശങ്ങളായ ശംഖുമുഖം, കഠിനംകുളം, ബീമാപള്ളി തുടങ്ങിയ പ്രദേശങ്ങളിലും കുടിവെള്ളം എത്തിക്കുന്നുണ്ട്. മദ്ധ്യമേഖലയുടെ കീഴിൽ നാട്ടിക ഫർക്കയിലുള്ള പത്തു പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതി പൂർത്തിയാക്കിയിട്ടുണ്ട്. ഉത്തരമേഖലയിൽ കോഴിക്കോട് ഡിവിഷന്റെ കീഴിൽ പുതിയാപ്പ കടപ്പുറം ഭാഗത്ത് കുടിവെള്ള പദ്ധതി നിലവിലുണ്ട്. ഇത് കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ ഭാഗമാണ്. കണ്ണൂർ ഡിവിഷന്റെ കീഴിൽ ഈ പദ്ധതി പ്രകാരം മാടായിപ്പാറ ഫിഷർമെൻ കോളനിയിലും ഓരോ ശുദ്ധജലവിതരണ പദ്ധതികൾ നിലവിലുണ്ട്. മലപ്പുറം ഡിവിഷനുകീഴിൽ ഇത്തരം പ്രത്യേക പദ്ധതികൾ നിലവിലില്ലെങ്കിലും നിലവിലുള്ള പദ്ധതികളിൽ നിന്നും പൈപ്പ് ലൈൻ നീട്ടി തീരപ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നുണ്ട്.

(സി) കൊല്ലം ജില്ലയിൽ മൺട്രോ തുരുത്ത് ശുദ്ധജലവിതരണ പദ്ധതിയും തിരുവനന്തപുരം ജില്ലയിൽ മഴവെള്ള ശേഖരണ ശുദ്ധജലവിതരണ പദ്ധതിയായ 'വർഷ'-യുടെ 30 യൂണിറ്റുകൾ, നെയ്യാറ്റിൻകര താലൂക്കിലെ പൂവാർ കരുംകുളം, കോട്ടുകാൽ, വിഴിഞ്ഞം എന്നീ പ്രദേശങ്ങളിലായി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശമായ വിഴിഞ്ഞം പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പൂർണ്ണമായും കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന്റെ കീഴിലുള്ള പി. എം. ജി. വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 125 ലക്ഷം രൂപയുടെ ഒരു പദ്ധതി പൂർത്തീകരിക്കുവാനുണ്ട്. കൂടാതെ, കൊല്ലം സർക്കിളിന്റെ കീഴിൽ ആലപ്പാട്ട്, ക്ലാപ്പന പഞ്ചായത്തുകളിൽ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയനുസരിച്ച് പണികൾ തുടങ്ങുവാനുണ്ട്.

ഒരുമനയൂർ കടപ്പുറം പദ്ധതിയും എൻ. ഐ. സി. സഹായത്തോടെയുള്ള ഏരിയാട് മേഖലാ പദ്ധതിയും തൃശ്ശൂർ സർക്കിളിന്റെ പരിധിയിൽ ടെക്നോളജി മിഷൻ സ്കീമിൽ ഉൾപ്പെടുത്തി എടവിലങ്ങാട് സ്കീമും പൂർത്തീകരിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഫണ്ടിന്റെയും സ്ഥലത്തിന്റെയും ലഭ്യതയനുസരിച്ച് വിഴിഞ്ഞം പദ്ധതി 2004 മാർച്ചിലും ആലപ്പാട്ട്, ക്ലാപ്പന പഞ്ചായത്തുകളിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന രാജീവ്ഗാന്ധി കുടിവെള്ള പദ്ധതികൾ 2005-ാമാണ്ടോടുകൂടിയും പൂർത്തിയാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. ഒരുമനയൂർ കടപ്പുറം പദ്ധതി ഏരിയാട് മേഖലാ പദ്ധതി, എടവിലങ്ങാട് പദ്ധതി എന്നിവ 2004-05 വർഷങ്ങളിൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. സി. മോയിൻ കുട്ടി : തീരദേശങ്ങളിലെ കുടിവെള്ള പ്രശ്നം എന്നും പരക്കെ പരാതികൾ ഉയർന്നുവരുന്ന വിഷയമാണ്. തുടർച്ചയായി പമ്പ് ചെയ്യുമ്പോൾ ഉപ്പുവെള്ളം കടന്നുവരും. ഇതാണ് അവിടത്തെ ഏറ്റവും ഗുരുതരമായ പ്രശ്നം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഈ മേഖലയിൽ പരിപൂർണ്ണമായും ശുദ്ധജല വിതരണം നടത്തുന്നതിന് ഏതൊക്കെ സംരംഭങ്ങൾ എന്നത്തേക്ക് പൂർത്തിയാകുമെന്ന് പറയുവാൻ സാധിക്കുമോ; ആ പ്രശ്നം പരിപൂർണ്ണമായി പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ?

ശ്രീ. ടി. എം. ജേക്കബ് : സംസ്ഥാന തീരപ്രദേശങ്ങളിൽ ഓരു വെള്ളത്തിന്റെ പ്രശ്നമുണ്ട്. പല മാർഗ്ഗങ്ങളാണ് ഗവൺമെന്റ് ആലോചിക്കുന്നത്. അതിൽ പ്രധാനമായും വർഷാ പദ്ധതി, (മഴവെള്ള ശേഖരണവും വിതരണവും) അത് ത്വരിതപ്പെടുത്തുന്നതിനും കോസ്റ്റൽ ബെൽറ്റിന് പ്രാമുഖ്യം കൊടുക്കുവാനുമുള്ള നടപടികളാണ് ഗവൺമെന്റ് ഇപ്പോൾ ആവിഷ്ക്കരിച്ചുവരുന്നത്.

ശ്രീ. സി. മോയിൻ കുട്ടി : ഗൾഫ് മേഖലകളിൽ ഉപ്പുവെള്ളം ശുദ്ധമാക്കുന്ന പ്രവർത്തനങ്ങൾ പരിപൂർണ്ണമായും വിജയം കണ്ടിട്ടുണ്ട്. വാട്ടർ മാനേജുമെന്റിന് ഏറ്റവും പ്രഗൽഭമായ നേതൃത്വം കൊടുക്കുന്ന ഇസ്രായേൽ പോലുള്ള രാജ്യങ്ങളിലും ഇത് പരിപൂർണ്ണമായി പ്രയോജനപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അവിടുത്തെ പഠനങ്ങളും ഗവേഷണങ്ങളും പ്രയോജനപ്പെടുത്താനും അത് പഠിക്കുവാനും അതു സംബന്ധിച്ച് മനസ്സിലാക്കുവാനും ഗവൺമെന്റ് എന്തെങ്കിലും ശ്രമം നടത്തുന്നുണ്ടോ; അത് മാതൃകയാക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് എന്തെങ്കിലും വൈമുഖ്യമുണ്ടോ ?

ശ്രീ. ടി. എം. ജേക്കബ് : കടൽവെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന സ്കീം വൈപ്പിൻകരയിൽ പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. അതിനു വരുന്ന കോസ്റ്റ് അനാലിസിസ് നടത്തിയപ്പോൾ മറ്റ് കുടിവെള്ള പദ്ധതികൾ ചെയ്യുന്നതിനേക്കാൾ കൂടുതൽ പണം ചെലവാകുമെന്നാണ് മനസ്സിലായത്. അതുകൊണ്ട് വ്യാപകമായി ആ സിസ്റ്റത്തിലേയ്ക്ക് പോകുവാൻ സാധ്യമല്ല. കേരളത്തിൽ കോസ്റ്റൽ ബെൽറ്റിലേക്ക് ശുദ്ധജലം എത്തിക്കുവാനുള്ള മറ്റു മാർഗ്ഗങ്ങൾ നമുക്ക് അവലംബിക്കുവാൻ കഴിയും. മറ്റു സ്ഥലങ്ങളിൽനിന്നും വെള്ളം കൊടുക്കുവാനുള്ള സ്കീം നമുക്കുണ്ട്. അതുകൊണ്ട് വ്യാപകമായി ചെയ്യാൻ സാധ്യമല്ല. പരീക്ഷണാടിസ്ഥാനത്തിൽ ചെയ്തിട്ടുണ്ട്. കോസ്റ്റ് കുറച്ച് എങ്ങനെ ആളുകൾക്ക് വെള്ളം കൊടുക്കുവാൻ സാധിക്കുമെന്നതാണ് നമ്മൾ നോക്കുന്നത്. ഗൾഫിലും ഇസ്രായേലിലുമൊക്കെ വെള്ളം ശുദ്ധീകരിച്ചു കൊടുക്കുമ്പോൾ അതിന് എത്ര വേണമെങ്കിലും പണം ഈടാക്കാം. അതൊന്നും നമ്മുടെ കോസ്റ്റൽ ബെൽറ്റിൽ സാധ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. അബ്ദു റബ്ബ് : സംസ്ഥാനത്തെ തീരപ്രദേശമടക്കമുള്ള ഗ്രാമ പഞ്ചായത്തിലെ 1050-ഓളം ശുദ്ധജല വിതരണ പദ്ധതികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പഞ്ചായത്തുകളെ ഏൽപ്പിച്ചുകൊടുക്കുവാൻ തീരുമാനിക്കുകയുണ്ടായി. അതിന്റെ ആദ്യ നടപടി എന്ന നിലയിൽ മലപ്പുറം ജില്ലയാണ് അതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ടത്. മലപ്പുറം ജില്ലയിൽ ഏൽപ്പിച്ചുകൊടുക്കുന്ന നടപടികൾ പൂർത്തിയായോ; മറ്റു ജില്ലകളിൽ ഈ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; അത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ് : 1050 സ്കീമുകളാണ് 350 പഞ്ചായത്തുകളിലായിട്ട് ഐഡന്റിഫൈ ചെയ്തത്. അതിനകത്ത് ഇതുവരെ 114 സ്കീമുകൾ മാത്രമാണ് ലോക്കൽബോഡീസ് ഏറ്റെടുത്തിരിക്കുന്നത്. 114 സ്കീമുകൾ 92 പഞ്ചായത്തുകളാണ് ഏറ്റെടുക്കുവാനുള്ള സന്നദ്ധത പ്രഖ്യാപിച്ചത്. അതിൽത്തന്നെ ഏറ്റവും കൂടുതൽ മലപ്പുറം ജില്ലയിൽ നിന്നാണ് വന്നിരിക്കുന്നത്. ഏറ്റെടുക്കുന്ന പദ്ധതികളെ സംബന്ധിച്ചിടത്തോളം അതിന്റെ ഓപ്പറേഷനും മെയിന്റനൻസും അവർതന്നെ നടത്തണം. ബാക്കിയുള്ളവകൂടി ഏറ്റെടുക്കണമെന്ന് ബന്ധപ്പെട്ട പഞ്ചായത്തുകളോട് നിർബന്ധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ് : ഇപ്പോൾ ഗ്രാമ പഞ്ചായത്തുകൾ പ്ലാൻ ഫണ്ടിന്റെ ഭാഗമായി സ്വന്തമായി ശുദ്ധജലവിതരണ പദ്ധതികൾ ആവിഷ്ക്കരിക്കുന്നുണ്ട്. അതിനു പുറമേ എം.എൽ.എ. ഫണ്ട്, എം.പി. ഫണ്ട്, നമ്മുടെ ജലനിധി സ്വജൽധാര പദ്ധതികളുടെ ഒക്കെ സാമ്പത്തിക ബാധ്യത, അതിന്റെ നടത്തിപ്പും നിയന്ത്രണവുമൊക്കെ. പഞ്ചായത്തുകൾക്കുവരുന്നു. ഈ സാഹചര്യത്തിൽ നേരത്തെ കെ. ഡബ്ല്യു.എ.-യുടെ ആഭിമുഖ്യത്തിൽ നിലവിലുള്ള പദ്ധതികൾ തിരിച്ച് കെ.ഡബ്ല്യു.എ. ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ടി.എം. ജേക്കബ് : അതാണ് പ്രശ്നമായി വരുന്നത്. 1050 സ്കീമുകൾ എന്നുപറയുന്നത് പഞ്ചായത്ത് മുഴുവൻ കവർചെയ്യുന്ന സ്കീമല്ല. ഒരു പഞ്ചായത്തിൽ ഒരു വാർഡോ രണ്ടു വാർഡോ ആയിരിക്കും തെരഞ്ഞെടുക്കുന്നത്. ഈ പഞ്ചായത്തുകളുടെ നടത്തിപ്പാണ് വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ചെലവ് ഉണ്ടാക്കുന്നത്. ഇതിന്റെ ഓപ്പറേഷനും മെയിന്റനൻസുമാണ് വലിയ തുകയായിട്ട് വരുന്നത്. അതുകൊണ്ട് പദ്ധതികൾ ഐഡന്റിഫൈ ചെയ്തിട്ട് പഞ്ചായത്തുകൾ അത് ഏറ്റെടുക്കണം. വാട്ടർ അതോറിറ്റി സ്റ്റെബിലൈസ് ചെയ്യണമെങ്കിലും മുന്നോട്ടുകൊണ്ടുപോകണമെങ്കിലും ഇപ്പോൾ ഞങ്ങൾ ഉദ്ദേശിക്കുന്നത് 25 എം.എൽ.ഡി.വരെ കപ്പാസിറ്റിയുള്ള സ്കീം മതി വാട്ടർ അതോറിറ്റി നടത്തേണ്ടതെന്നാണ്. വേണമെങ്കിൽ കുറച്ചുകൂടി കുറയ്ക്കുവാൻ സാധിക്കും. എന്തായാലും പഞ്ചായത്ത് ഏതിയാ മുഴുവൻ കവർ ചെയ്യുന്നതടക്കം ഐഡന്റിഫൈ ചെയ്ത് എങ്ങനെയെങ്കിലും പഞ്ചായത്തുകൾ ഏറ്റെടുക്കുകയേ നിവൃത്തിയുള്ളൂ. കാരണം അതുകൂടി കേരളാ വാട്ടർ അതോറിറ്റിയുടെ ചുമതലയിൽ നിലനിർത്തിയാൽ വാട്ടർ അതോറിറ്റിയുടെ സുഗമമായ പ്രവർത്തനത്തിന് ബുദ്ധിമുട്ടുവരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : നമ്മുടെ സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കുടിവെള്ള പദ്ധതി ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്, മട്ടാഞ്ചേരിയിൽ ബ്രിട്ടീഷ് സഹായത്തോടുകൂടിയുള്ള ഡി.എഫ്.ഐ.ഡി. പദ്ധതിയാണ്. ആ പദ്ധതി സ്റ്റിപ്പുലേറ്റഡ് ടൈമിൽ തീർക്കുവാൻ സാധിച്ചിട്ടില്ല. അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ; എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കും എന്നീ കാര്യങ്ങൾ ഗവൺമെന്റ് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ് : ബ്രിട്ടീഷ് ഗവൺമെന്റിന്റെ സഹായത്തോടെയുള്ള ഡിപ്പാർട്ടുമെന്റൽ ഫോർ ഇന്റർനാഷണൽ ഡെവലപ്മെന്റ് പ്രോജക്ട് എന്ന സ്കീം സംബന്ധിച്ച് 7/1999-ൽ ഒരു ധാരണാപത്രം ഈ പദ്ധതിക്കുവേണ്ടി ഒപ്പുവച്ചു. 5-2-2002-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ച പദ്ധതിയാണ്. അതിന്റെ അന്നത്തെ അടങ്കൽ ചെലവ് പ്രതീക്ഷിച്ചിരുന്നത് 1706 ലക്ഷം രൂപയാണ്. ഇപ്പോൾ അത് 3567 ലക്ഷം രൂപയായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ പദ്ധതി അടുത്ത മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. അതിന്റെ പണികൾ നന്നായി പ്രോഗ്രസ് ചെയ്യുന്നുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം അത് വളരെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : നമ്മുടെ തീരദേശ പ്രദേശത്ത് പ്രത്യേകിച്ച് മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ മഴക്കാലമാകുമ്പോഴാണ് അവിടെ സാംക്രമിക രോഗങ്ങളൊക്കെ പടർന്നു പിടിക്കുന്നത്. ശുദ്ധജല ദൗർലഭ്യമാണ് പ്രധാന പ്രശ്നം. ഇത് നമ്മുടെ സംസ്ഥാനത്തിലെ മൊത്തത്തിലുള്ള അവസ്ഥയാണ്. ഈ അവസ്ഥ പരിഗണിച്ച് ഏതെങ്കിലും ഏജൻസികളുടെ സഹായത്തോടുകൂടി തീരദേശ പ്രദേശത്തേക്കുള്ള ഒരു പ്രത്യേക ശുദ്ധജല വിതരണ പദ്ധതിക്ക് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : പല ഏജൻസികളിൽനിന്നും പണം ലഭ്യമാക്കുന്നുണ്ട്. ഇപ്പോൾ ക്ലിയറൻസായിരിക്കുന്ന ജപ്പാൻ കുടിവെള്ള പദ്ധതി ജെ.ബി.ഐ.സി. പ്രോജക്ട്. അതിൽത്തന്നെ നല്ലൊരു ഭാഗം വരുന്നത് കോസ്റ്റൽ ബെൽറ്റിനാണ്. ജെ.ബി.ഐ.സി.യുടെ പ്രോഗ്രാമിന്റെ എക്സ്റ്റൻഷൻ, തിരുവനന്തപുരത്ത് ആഗ്മെന്റേഷൻ വരുന്നുണ്ട്. അതിന്റെ കുറേ ബെനഫിറ്റ് അവിടെ കിട്ടും. തൊട്ടടുത്തുള്ള മീനാട് പ്രോജക്ട്, അതിന്റെ തൊട്ടപ്പുറത്തുള്ള ചേർത്തല പ്രോജക്ട്, ചേർത്തല-മാരാരിക്കുളം-അരൂർ ഈ നിയോജക മണ്ഡലങ്ങളൊക്കെ കോസ്റ്റൽ ബെൽറ്റ് തന്നെയാണ്. പിന്നെയുള്ളത് കോഴിക്കോടിന്റെ ഡെവലപ്മെന്റ് സാണ്. മറ്റൊന്നുള്ളത്, പട്ടുവമാണ്. ഇതിന്റെയെല്ലാം ബെനിഫിറ്റ് കോസ്റ്റൽ ബെൽറ്റിൽ കിട്ടുന്നുണ്ട്. കോസ്റ്റ് ബെൽറ്റ് മാത്രമായിട്ട് നമുക്കൊരു സ്കീം ആവിഷ്ക്കരിക്കേണ്ടതില്ല. ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ തീരപ്രദേശങ്ങളിൽ നല്ല വെള്ളം കിട്ടാനുള്ള ക്രമീകരണങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ട്. അത് ത്വരിതപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ പറഞ്ഞു, കോഴിക്കോട് ഉൾപ്പെടെയുള്ള തീരദേശ പദ്ധതിയാണ് ജപ്പാൻകുടിവെള്ള പദ്ധതി. അതു കേൾക്കുവാൻ തുടങ്ങിയിട്ട് ധാരാളം വർഷമായി. ഇന്ന് ആ പദ്ധതിയുടെ പ്രവർത്തന പുരോഗതി എവിടെവരെ എത്തി; അത് എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ശ്രീ. ടി. എം. ജേക്കബ് : ധാരാളം വിവാദമുണ്ടായതാണ്. ഈ സഭയിൽ ഡിമാന്റ് ഡിസ്ക്കഷൻ വന്നപ്പോഴും ഈ വിഷയം വന്നു. കേരള ഹൈക്കോടതിയുടെ പരിഗണനയിലാണെന്ന് ഞാൻ പറഞ്ഞു. കേരള ഹൈക്കോടതിയിൽ ഒരു പബ്ലിക് ലിറ്റിഗേഷൻ പെറ്റീഷൻ ഫയൽ ചെയ്തിരുന്നു. അത് ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിലുള്ള ഡിവിഷൻ ബഞ്ചാണ് പരിശോധിച്ചത്. ഈ പ്രോജക്ടിന്റെ നടപടിക്രമങ്ങളൊക്കെ വളരെ സുതാര്യമായിത്തന്നെയാണ് ചെയ്തിരിക്കുന്നതെന്ന് കോടതിക്ക് ബോധ്യമായതുകൊണ്ട് കോടതി അത് ക്ലിയർ ചെയ്തിട്ടുണ്ട്. ജെ.ബി.ഐ.സി.യിൽ നിന്ന്, ഡൽഹിയിൽനിന്ന് ഒന്നുരണ്ട് ദിവസങ്ങൾക്കുള്ളിൽ അപ്രൂവൽ കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചിങ്ങമാസം 1-ാം തീയതി, (ആഗസ്റ്റ് മാസം 17-ാം തീയതി) ഈ പ്രോജക്ട് ഔപചാരികമായി നടപ്പിൽവരണമെന്ന നിലയിൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നുവർഷത്തിനകം കംപ്ലീറ്റാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിന് ഫാസ്റ്റ് ട്രാക് സംവിധാനം ഏർപ്പെടുത്താനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. സി. മമ്മൂട്ടി : പല പഞ്ചായത്തുകളിലും ഇപ്പോഴുള്ള കുടിവെള്ള പദ്ധതി നേരത്തെ വാട്ടർ അതോറിറ്റി നടപ്പാക്കിവന്ന പദ്ധതികളാണ്. തുടർന്നു നടത്താൻ ഫണ്ടില്ല ഇനിയുള്ളത് പഞ്ചായത്തിനെ ഏൽപ്പിക്കുമെന്ന് പറഞ്ഞ് വാട്ടർ അതോറിറ്റി നടത്തിയില്ല. അതേയവസരത്തിൽ പഞ്ചായത്തിന് ഇതിനനുസരിച്ച ഫണ്ട് ഗവൺമെന്റിൽനിന്ന് ലഭ്യമല്ലാത്തതുകൊണ്ട് പഞ്ചായത്തുകൾ ഇത് ഏറ്റെടുക്കുവാൻ തയ്യാറായിട്ടില്ല. ഈ ഒരവസ്ഥയിൽ പല കുടിവെള്ള പദ്ധതികളും മുടങ്ങിയിട്ടുണ്ട്. അത്തരം കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കുന്നതുവരെ, നിലവിൽ അതിന് ബദൽ സംവിധാനം കൊണ്ടുവരുന്നതുവരെ വാട്ടർ അതോറിറ്റി തന്നെ ഏറ്റെടുക്കുന്നതിന് പ്രത്യേക നിർദ്ദേശം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ടി. എം. ജേക്കബ് : ആൾ ഇൻഡ്യ പോളിസിയാണിത്. സെൻട്രൽ ഗവൺമെന്റ് എടുത്തിരിക്കുന്ന പോളിസി അനുസരിച്ച് പഞ്ചായത്തിലെ ചെറിയ കുടിവെള്ള പദ്ധതികൾ പഞ്ചായത്തുതന്നെ നടത്തട്ടെയെന്നാണ്. അതിനുവേണ്ടി പ്ലാൻ സ്കീമിൽ അവർക്ക് നമ്മൾ ഗ്രാന്റ് കൊടുക്കുന്നുണ്ട്. ഇതിന്റെ യൂട്ടിലൈസേഷൻ ഫലപ്രദമായി നടക്കുന്നില്ല. പഞ്ചായത്തുകൾക്ക് കൊടുത്തിരിക്കുന്ന ഫണ്ട് ശരിയായ നിലയിൽ ഉപയോഗിക്കുന്നില്ല. വകമാറി ചെലവഴിക്കുന്നുണ്ട്. ഈ പ്രശ്നം വരുന്നതുകൊണ്ടാണ് നമ്മൾ ഐഡന്റിഫൈ ചെയ്തിരുന്ന 1050 പദ്ധതികൾ അവർ എടുക്കുവാൻ വൈമനസ്യം കാണിക്കുന്നത്. അവർ പറഞ്ഞതു മാനിച്ചുകൊണ്ട് ഞങ്ങൾ പറഞ്ഞു, 1050 സ്കീമുകളിൽ ഏതെങ്കിലും ഓപ്പറേറ്റു ചെയ്യാൻ കഴിയാത്തത് അല്ലെങ്കിൽ പ്രവർത്തന രഹിതമായിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച ഹാന്റ് ഓവർ ചെയ്യാമെന്ന്. അങ്ങനെ പറഞ്ഞിട്ടും പല പഞ്ചായത്തുകളും റിസ്പീംഗ് ആകുന്നില്ല. ഇതിന്റെ കറണ്ട് ചാർജ് അടപ്പിക്കുക,

ഓപ്പറേറ്ററെ നിയമിക്കുക, മെയിന്റനൻസ് നടത്തുക എന്നതൊക്കെ അവർക്ക് സാധ്യമല്ല എന്നുപറയുകയാണ്. ഗവൺമെന്റിന് എന്തുചെയ്യാൻ കഴിയും? ചെയ്യേണ്ടത് അവരാണെന്നു പറയുകയും അവർ എടുക്കണമെന്ന് പറയുകയും ചെയ്തിട്ടുണ്ട്. എല്ലാ കോൺസ്റ്റിറ്റുവൻസികളിലും ഇത് വരുന്നതാണ്. അതുകൊണ്ട് എല്ലാ അംഗങ്ങളും ഇതിനോട് സഹകരിച്ചാൽ ഫലപ്രദമാക്കി നടത്തിക്കൊണ്ടു പോകുവാൻ കഴിയും.

ശ്രീ. ടി. പി. എം. സാഹിർ : കോഴിക്കോട് തീരപ്രദേശങ്ങളിൽ ചില സ്ഥലത്തു മാത്രമാണ് വെള്ളം കിട്ടുന്നത്. മറ്റു സ്ഥലങ്ങളിൽ വളരെ ഫീബിളായിട്ടു മാത്രമേ വെള്ളം കിട്ടുന്നുള്ളൂ. പമ്പിംഗ് സ്റ്റേഷൻസ് മുഴുവൻ തെക്കൻ മേഖലയിലാണ്. പള്ളിക്കണ്ടി, നൈനാൻവളവ്, മുഖദാർ മുതലായ പ്രദേശങ്ങളിൽ രാത്രി ക്യൂ നിന്നാണ് സ്ത്രീകൾ വെള്ളം എടുക്കുന്നത്. ചില ദിവസങ്ങളിൽ ഒന്നിടവിട്ട ദിവസങ്ങളിൽ മാത്രമാണ് വെള്ളം കിട്ടുന്നത്. രാവിലെ 4 മണിക്ക് പമ്പിംഗ് തുടങ്ങിയാൽ 7 മണിക്ക് വെള്ളം കിട്ടുമായിരുന്നു. അതുകൊണ്ട് പമ്പിംഗ് സ്റ്റേഷന്റെ ടൈമിംഗ് മാറ്റുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. ടി. എം. ജേക്കബ് : ടൈമിംഗ് മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കാം. ഷിഫ്റ്റ് സമ്പ്രദായമാണ്. ഒന്നിടവിട്ട ദിവസങ്ങളിലാണ് ഈ ഏരിയായിൽ വെള്ളം കൊടുത്തുകൊണ്ടിരിക്കുന്നത്. അതിന്റെ ആഗ്മെന്റേഷൻ പറഞ്ഞു. ജെ.ബി.ഐ.സി.-യിൽ അത് ആഗ്മെന്റ് ചെയ്യുന്നുണ്ട്. ഒന്നിടവിട്ട ദിവസങ്ങളിലാണ് പമ്പിംഗ് ചെയ്യുന്നത്, കോസ്റ്റൽ പ്രദേശങ്ങളിലേക്ക് നേരത്തേ വെള്ളം കിട്ടത്തക്ക നിലയിൽ എന്തു ക്രമീകരണം ചെയ്യാൻ കഴിയുമെന്നുള്ളത്.ആലോചിക്കുകയും അതിനുവേണ്ട നിർദ്ദേശം കൊടുക്കുകയും ചെയ്യാം.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആന്റി ബയോട്ടിക്കിന്റെ അംശം കാണപ്പെട്ടതുമൂലം ചെമ്മീൻ തിരസ്കരിച്ച സംഭവം

3 (*769) ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. എ. കെ. മണി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ജോർജ് ജെ. മാത്യൂ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുനിന്നും കയറ്റി അയച്ച ചെമ്മീനിൽ ആന്റി ബയോട്ടിക്കിന്റെ അംശങ്ങൾ കണ്ടതുകൊണ്ട് അത് തിരിച്ചയച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly